"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ശ്രീ.വിനോദ് കുമാർ.പി (ഡ്രൈവർ ഗ്രേഡ് - II, കാർഷിക വികസന കർഷകക്ഷേമ വകുപ്പ്) തിരുവനന്തപുരം മുൻസിപ്പൽ കോർപ്പറേഷനിലെ ഡ്രൈവർ ഗ്രേഡ് - II തസ്തികയിലുള്ള അന്യത്ര സേവന നിയമനം ദീർഘിപ്പിച്ച് നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

**സ.ഉ.(സാധാ) നം.2704/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 29/11/2019

---

പരാമർശം:- 1 22/01/2013 തീയതിയിലെ സ.ഉ.(പി) നം.45/2013/ധന.

2 10/05/2013 തീയതിയിലെ സർക്കുലർ നം.42/2013/ധന.

3 28/11/2013 തീയതിയിലെ സ.ഉ.(പി) നം.580/2013/ധന.

4 28/11/2018 തീയതിയിലെ സ.ഉ.(സാധാ) നം.3013/2018/തസ്വഭവ.

5 ശ്രീ.വിനോദ് കുമാർ.പി യുടെ 05/10/2019 തീയതിയിലെ അപേക്ഷ.

6 തിരുവനന്തപുരം മുൻസിപ്പൽ കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറിയുടെ 05/10/2019 തീയതിയിലെ ജിഎ1/28364/18 നമ്പർ കത്ത്.

7 കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ 02/11/2019 തീയതിയിലെ എസ്എച്ച്(2) 13458/2018 നമ്പർ കത്ത്.

8 നഗരകാര്യ ഡയറക്ടറുടെ 08/11/2019 തീയതിയിലെ ഇ7-25372 /18നമ്പർ കത്ത്.

## <u>ഉത്തരവ്</u>

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ രണ്ടാം ഗ്രേഡ് ഡ്രൈവർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവന്നിരുന്ന ശ്രീ.വിനോദ് കുമാർ.പി യെ തിരുവനന്തപുരം മുൻസിപ്പൽ കോർപ്പറേഷനിൽ രണ്ടാം ഗ്രേഡ് ഡ്രൈവർ തസ്തികയിൽ കെ.എസ്.ആർ ഭാഗം I ചട്ടം 140 പ്രകാരം നിലവിലെ അന്യത്ര സേവന വ്യവസ്ഥകൾക്കും പരാമർശം (1) മുതൽ (3) വരെയുള്ള ഉത്തരവുകളിലെ നിബന്ധനകൾക്കും വിധേയമായി ഒരു വർഷത്തേയ്ക്ക് അന്യത്രസേവനം അനുവദിച്ച് പരാമർശം (4) പ്രകാരം ഉത്തരവായിരുന്നു. ആയതിൻപ്രകാരം ടിയാൻ 01/12/2013 മുതൽ അന്യത്ര സേവന വ്യവസ്ഥയിൽ സേവനത്തിൽ പ്രവേശിച്ച ടിയാന്റെ നിലവിലെ അന്യത്ര സേവന കാലാവധി 30/11/2019 ന് അവസാനിക്കുകയാണെന്നും ആയത് ഒരു വർഷത്തേയ്ക്കുകൂടി ദീർഘിപ്പിച്ച് നൽകുന്നതിന് ശിപാർശ ചെയ്തുകൊണ്ട് പരാമർശം (5) പ്രകാരമുള്ള ശ്രീ.വിനോദ് കുമാർ.പി യുടെ അപേക്ഷ, പരാമർശം (8) പ്രകാരം നഗരകാര്യ ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കി. ടിയാന്റെ നിലവിലെ അന്യത്ര സേവന കാലാവധി ഒരു

വർഷത്തേയ്ക്കുകൂടി ദീർഘിപ്പിച്ചു നൽകുന്നതിന് തടസ്സമൊന്നും ഇല്ലായെന്ന് പരാമർശം (7) പ്രകാരം കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

2) പരാമർശം (7) പ്രകാരമുള്ള കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ കത്തിന്റെയും പരാമർശം (8) പ്രകാരമുള്ള നഗരകാര്യ ഡയറക്ടറുടെ ശിപാർശയുടെയും അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം മുൻസിപ്പൽ കോർപ്പറേഷനിൽ രണ്ടാം ഗ്രേഡ് ഡ്രൈവർ തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ.വിനോദ് കുമാർ.പി യുടെ നിലവിലെ അന്യത്ര സേവനകാലാവധി കെ.എസ്.ആർ ഭാഗം 1 ചട്ടം 140 പ്രകാരവും നിലവിലുള്ള അന്യത്ര സേവന വ്യവസ്ഥകൾക്കും പരാമർശം (1) മുതൽ (3) വരെയുള്ള സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായും 01/12/2019 മുതൽ ഒരു വർഷത്തേയ്ക്ക് ദീർഘിപ്പിയ്ക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

3) അനുവദിക്കപ്പെട്ട അന്യത്ര സേവന കാലാവധി അവസാനിക്കുന്നതിന് മുമ്പ് സേവന കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് ലഭിക്കാത്തപക്ഷം അനുവദനീയമായ കാലാവധി അവസാനിക്കുന്ന ദിവസം അന്യത്ര സേവനത്തിലുള്ള ഉദ്യോഗസ്ഥനെ വിടുതൽ ചെയ്യേണ്ടതാണ്. അന്യത്ര സേവന കാലാവധി അവസാനിക്കുകയും മാതൃവകുപ്പിലേയ്ക്ക് പോകാതിരിക്കുകയും ചെയ്താൽ ഉദ്യോഗസ്ഥനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതാണ്. അനുമതി ഇല്ലാതെ അന്യത്ര സേവനത്തിൽ തുടരുന്ന കാലയളവ് പെൻഷനോ ഇൻക്രിമെന്റിനോ പരിഗണിക്കുന്നതല്ല. അനുമതി ഇല്ലാതെ അനധികൃതമായി അന്യത്ര സേവനത്തിൽ തുടർന്ന കാലയളവ് ക്രമീകരിക്കുന്നതല്ല. അന്യത്ര സേവന കാലാവധി തീരുന്ന മുറയ്ക്ക് ഉദ്യോഗസ്ഥനെ ശമ്പളവും മറ്റ് അലവൻസുകളും കൈപ്പറ്റുന്നതിൽ നിന്നും വിലക്കേണ്ടതാണ്.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
JAISY PAUL
**അണ്ടർ സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, തിരുവനന്തപുരം

സെക്രട്ടറി, തിരുവനന്തപുരം മുൻസിപ്പൽ കോർപ്പറേഷൻ

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

(ഈ ഉത്തരവ് വെബ്സൈറ്റിൽ പരസ്യപ്പെടുത്തുന്നതിനായി)

കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ